(സി) ഉണ്ട്. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തിയ ശേഷം കരട് പട്ടിക പഞ്ചായത്ത്, വില്ലേജ് ആഫീസുകൾ മുഖേനയും താലൂക്ക് സപ്ലൈ ആഫീസുകളിൽ കൂടിയും വെബ്സൈറ്റ് മുഖേനയും പൊതുജനങ്ങൾക്ക് കാണാനതിനും പരാതികൾ നൽകുന്നതിനുമായി പ്രസിദ്ധീകരിക്കുന്നതാണ്. അതിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിഹരിച്ചശേഷം അന്തിമ പട്ടികയും വെബ്സൈറ്റ്, പഞ്ചായത്ത്, വില്ലേജ് ആഫീസുകൾ, താലൂക്ക് സപ്ലൈ ആഫീസുകൾ മുഖേന പ്രസിദ്ധീകരിച്ച ശേഷം മാത്രമാണ് റേഷൻകാർഡുകൾ നല്കുന്നത്.

സപ്ലൈകോ പൊതുവിതരണ ശൃംഖലയും നിത്യോപയോഗ സാധനങ്ങളും

223 (1306) ശ്രീ. എളമരം കരീം :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. കെ. കുഞ്ഞിരാമൻ (എടുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതുമൂലം ജനങ്ങൾ സപ്ലൈകോയെ ഒഴിവാക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടായിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോയിലൂടെ വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾക്ക് എത്ര തവണ വില വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയാണെന്ന് അറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് വിപണിയിൽ നിലനിർത്തിയിരുന്ന സബ്സിഡി ഉല്പന്നങ്ങൾക്ക് ഈ സർക്കാർ വില വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ എത്ര തവണ;

(ഡി) നിലവിൽ സബ്സിഡി ഉല്പന്നങ്ങളുടെ വില എത്രയാണെന്ന് വെളിപ്പെടുത്താമോ; കഴിഞ്ഞ നാലുവർഷത്തിനിടയുണ്ടായ വില വർദ്ധന എത്ര ശതമാനമെന്ന് അറിയിക്കാമോ;

(ഇ) പൊതുമാർക്കറ്റിലെ വില വർദ്ധനവ് തടയുന്നതിന് പകരം സബ്സിഡി സാധനങ്ങൾക്കും വില വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന നടപടി പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) മുന്ന് തവണ, സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിരുന്നു കറുവുള്ള കടുക്, ജീരകം, ഉഴുന്ന്, പിളർന്നത്, പരിപ്പ്, വെളിച്ചെണ്ണ അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള പെരുപയർ, വൻകടല, ഉഴു അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. ഈ ക്രിയാത്മകമായ മാറ്റം ജനങ്ങൾക്ക് വളരെ ആശ്വാസം നൽകുന്നുണ്ട്. ഇതോടൊപ്പം സപ്ലൈകോ 9 സാധനങ്ങളുടെ വില കുറച്ചിട്ടുമുണ്ട്. 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ആയതിനാൽ അവശ്യ സാധനങ്ങളുടെ സബ്സിഡി വില ആവശ്യമായ ഘട്ടത്തിൽ പുനർനിർണ്ണയിച്ച് (rationalize) സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി മാർക്കറ്റ് ഇടപെടൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതുവിപണി ഇടപെടൽ നയമാണ് സപ്ലൈകോ സ്വീകരിക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വിലവർദ്ധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല ഇതിൽ പല അവശ്യ സാധനങ്ങളുടെയും വില കുറച്ചിട്ടുമുണ്ട്.

പാചകവാതക വിതരണ പദ്ധതി

224 (T* 1307) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

എറണാകുളത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അദാനി ഗ്രൂപ്പിന്റെ ഗാർഹിക പാചകവാതക വിതരണ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

എറണാകുളം ജില്ലയിലെ കൊച്ചി നഗരത്തിലും പരിസര പ്രദേശത്തും ഉള്ള ഗാർഹിക വ്യാവസായിക, ഗതാഗത മേഖലയിലുള്ള ഉപഭോക്താക്കൾക്ക് പാചക ആവശ്യത്തിനും മറ്റാവശ്യങ്ങൾക്കും പ്രകൃതി വാതകം എത്തിക്കുന്നതിനായി ഇന്ത്യൻ

---

* "T" അടിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly